# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2940

07.02.2018-ൽ മറുപടിക്ക്

**ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എം.ഉമ്മർ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഭൂമിയുടെ ന്യായവിലയിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ) ഭൂമിയുടെ ന്യായവില പുനഃനിർണ്ണയിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 01.10.2016 ന് ലാന്റ് റവന്യൂ കമ്മീഷണർ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണർ, ജില്ലാ കളക്ടർമാർ, തിരുവനന്തപുരം / കോട്ടയം എന്നീ റവന്യൂ ഡിവിഷണൽ ഓഫീസർമാർ എന്നിവരുടെ ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വിട്ടുപോയ സർവ്വെ നമ്പരുകൾ കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും, 14 ജില്ലകളിൽ നിന്നും കുറച്ച് ഭൂമി തെരഞ്ഞെടുത്ത് വില്ലേജ് ഓഫീസർമാരെ ചുമതലപ്പെടുത്തി ന്യായവില പുനഃനിർണ്ണയിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച പഠന റിപ്പോർട്ട് തയ്യാറാക്കി 3 മാസത്തിനകം സമർപ്പിക്കുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ന്യായവില നിശ്ചയിക്കാത്ത എല്ലാ സർവ്വെ നമ്പരുകളിലും ന്യായവില നിശ്ചയിക്കുന്നതിന് സബ് രജിസ്ട്രാർമാർ അവരുടെ അധികാര പരിധിയിൽ ന്യായവില നിശ്ചയിക്കാത്ത സർവ്വെ നമ്പരുകൾ പട്ടികയാക്കി അതത് റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് കൈമാറിയിട്ടുണ്ട്. |
| ബി) ന്യായവിലയിലെ അപാകതകൾ മൂലം പുതിയ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ന്യായവില നിർണ്ണയിച്ചതിൽ അപാകത ഉള്ള പക്ഷം കക്ഷികൾക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് അപ്പീൽ നൽകുവാനും അപ്പീൽ |

ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

തീരുമാനത്തിന്മേൽ ആക്ഷേപം ഉണ്ടെങ്കിൽ വീണ്ടും ജില്ലാ കളക്ടർക്ക് റിവ്യൂ പെറ്റീഷൻ നൽകി പരാതി പരിഹരിക്കാവുന്നതുമാണ്. ന്യായവില പുനഃനിർണ്ണയം സംബന്ധിച്ച പൈലറ്റ് സ്റ്റഡി ജില്ലകളിൽ നടന്നുവരുന്നുണ്ട്. ആയതിന് അന്തിമ തീരുമാനമായിട്ടില്ല.

**സെക്ഷൻ ഓഫീസർ**